# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 | ലക്കം 8 | പേജുകൾ 33 | നവംബർ 2025



**കഥ**
**കവിത**
**ലേഖനം**

**കാർട്ടൂൺ കേരളം**
**പുസ്തക പരിചയം**



ഡോ രമ്യാരാജ്



ബഷീർ മുളിവയൽ



ദർശന


JOS ALUKKAS
A TRADITION OF FINE JEWELLERY
Parampara
ANTIQUE & HERITAGE JEWELLERY
ROUND EAST, THRISSUR. PH: 0487-2331812
Shop online at josalukkas.com

# Editor's page:





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032




എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ആദ്യ മണിമുഴക്കം കഴിഞ്ഞു. മുന്നേ തുടങ്ങിക്കഴിഞ്ഞ ഒരുക്കങ്ങൾക്ക് ആവേഗം വർദ്ധിച്ചു. ഡിസംബർ ആദ്യ പകുതിയിൽ തന്നെ പുതിയ ഭരണസമിതികൾ നിലവിൽ വരും. ജനാധിപത്യം യാഥാർത്ഥ്യമായ ഒരു സംവിധാനത്തിൽ ജീവിക്കാനായത് നമുക്കെല്ലാം അഭിമാനകരമായ ആത്മബോധം പകരുന്നതാണ്. ഒരാൾക്ക് ഒരു വോട്ട് മാത്രം എന്നതിലും അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന നമ്മുടെ പ്രതിനിധി എന്നതിലുമൊക്കെ ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകുന്നുണ്ടെന്നും ഈ സംവിധാനത്തിന്റെ സുതാര്യതയിൽ കൃത്രിമത്വം ആരോപിക്കപ്പെടുന്നതുമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ശരി തെറ്റുകൾ കാലം തെളിയിക്കുമെന്ന വിശ്വാസത്തിൽ, നമുക്ക് ശരിയെന്ന് ബോധ്യമുള്ളയാൾക്ക് സമ്മതിദാനം നൽകുക എന്ന കടപ്പാട് വിസ്മരിക്കരുതെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു.

പുതിയ ലക്കം മഷിപ്പച്ചയിൽ കഥകളും കവിതകളും ലേഖനങ്ങളും കാർട്ടൂണും ബാലപംക്തിയുമടങ്ങുന്ന പതിവു വിഭവങ്ങൾ എല്ലാം ഉണ്ട്. ശ്രദ്ധിക്കപ്പെടേണ്ടുന്ന ചില കവിതകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അറിയപ്പെടാത്ത ലോക വ്യാപാരങ്ങൾ വരച്ചു വയ്ക്കുന്ന പുതിയ കാലത്തെ എഴുത്ത് പ്രോത്സാഹിപ്പിക്കുന്നതിൽ മാസികാ പ്രവർത്തകർ ഉത്സുകരാണ്. മികച്ച രചനകൾ പ്രസിദ്ധീകരണത്തിന് അയച്ചു കിട്ടുന്നുണ്ടെന്നതും സന്തോഷകരമാണ്. 'മഷിപ്പച്ച' എന്ന പരിശീലന കളരിയിൽ അഭ്യസിച്ച പലരും എഴുത്തിന്റെ ശ്രേഷ്ഠ ശ്രേണിയിൽ തിളങ്ങുന്നവരായി തീർന്നിട്ടുണ്ട് എന്നതും സന്തോഷം പകരുന്നു.

**സി ആർ രാജൻ**
എഡിറ്റർ

# അകത്താളുകളിൽ

## കഥ


ലാവണ്യ മുല്ലശ്ശേരി ............... പേജ് 20
ഡോ. അപർണ സുജയ് ......... പേജ് 22


## ലേഖനം


കാവ്യ സുരേഷ് കെ. ............. പേജ് 23


## കാർട്ടൂൺ


എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## പുസ്തകപരിചയം


ദർശന ............................. പേജ് 25


## കാർട്ടൂൺ


ബിനു വെളിയനാടൻ ............ പേജ് 32


## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ....................... പേജ് 27


## കവിത


ഡോ. രമ്യാരാജ്..................... പേജ് 6
ബഷീർ മുളിവയൽ ............... പേജ് 7
ദർശന .............................. പേജ് 8
ദേവു ................................ പേജ് 10
സുജിത്ത സുഗുണൻ ............ പേജ് 11
ഹാജറ കെ.എം. .................. പേജ് 12
സുഭാഷ് പോണോളി ............. പേജ് 13
നിബിൻ കള്ളിക്കാട്............. പേജ് 14
മഞ്ജു ഗണേഷ്.................. പേജ് 15
സിദ്ധിഖ് ഓമശേരി................ പേജ് 16
മാജിദ കെ. ........................ പേജ് 17
കെ.പി.സജിത്.................... പേജ് 18
ഉണ്ണി ഭാസുരി...................... പേജ് 19

## കാർട്ടൂൺ കേരളം







**എം.ആർ. ബാലചന്ദ്രൻ**

# വഴി


കവിത



ഡോ രമ്യാരാജ്



പുഴവക്കത്തെ വീട്ടിൽ നിന്ന് ഇറങ്ങിയോടുമ്പോൾ
തിരിഞ്ഞു നോക്കിയില്ല
പുഴ പുറകെ വരുന്നുണ്ടോയെന്ന്...
വൈകിയാണെങ്കിലും
പിടികിട്ടിയാൽ കയറാനായി
മനഃപൂർവം മറന്നു വച്ച ബോധത്തിന്റെ പകുതി,
തുനിഞ്ഞിറങ്ങിയാൽ പിടിച്ചു തൂങ്ങാനായി
ഞാത്തിയിട്ട വേനൽക്കയ്യുകൾ
ഒടുവിൽ വിരിച്ചിട്ട
തുണിമണങ്ങളിൽ ഉടക്കി നിന്നു.
മഴയ്ക്ക് മുമ്പേ
വിഴുങ്ങിത്തീർത്ത
എച്ചിൽക്കൂനകളിൽ കുരുങ്ങി
കൊഴുത്ത പാത്രപ്പെരുക്കങ്ങൾ
എണ്ണിത്തീർത്ത കണക്കുകൂട്ടലുകൾ
ഒന്നും ഒരടുക്കിൽ ഒതുക്കാൻ സമയം കിട്ടിയില്ല.
രാകി മിനുക്കിയ ഉച്ചയുറക്കത്തിൽ നിന്ന്
ഇറക്കിവിട്ട ചെളിയൊഴുക്കുകൾ
അടിതെറ്റി വീണ പാതയോരത്തെ
മരക്കഷ്ണത്തിൽ
ഉടൽ മാറ്റി പുതിയൊരെണ്ണം
പുന:സ്ഥാപിച്ച ലാഘവത്തിൽ
എല്ലാം ചവച്ചു തുപ്പി
ഉടുമുണ്ടൊരല്പം ഉയർത്തി
ഒന്നുചൊറിഞ്ഞു
നാളത്തെ സന്ധ്യയ്ക്കായ്
കാത്തുകിടന്നു.



# ചൂല്



ബഷീർ മുളിവയൽ

വിറകടുപ്പിന്റെ കാലം കഴിഞ്ഞു
വിറക് സൂക്ഷിച്ചിരുന്ന വിറക് കൂട
ഇപ്പോൾ പുരാതന ഗൃഹോപകരണങ്ങളുടെ
വിശ്രമ ജീവിത കേന്ദ്രം !

അരച്ചരച്ചു കറികൾക്ക് രുചി പകർന്ന
അമ്മിക്കല്ലും , കുട്ടിയും ഒരു മൂലയിൽ
പഴയ ഓർമ്മകൾ അരച്ചുകൊണ്ട് തളർന്നു കിടക്കുന്നു
പണ്ടരച്ച മുളകിന്റെ നീറ്റൽ അവർക്കിന്ന്
ഓർമയിൽ മധുരിക്കുന്നുണ്ടാകും!

നെല്ലിനും, ധാന്യങ്ങൾക്കും വേണ്ടി
കുത്തിയ ഉലക്ക ഉരലിനോടൊപ്പം
പോയ കാലത്തെ തിരികെ ലഭിക്കില്ലെന്ന
നിരാശച്ചിതൽ തിന്ന് നശിക്കുന്നു
അന്ന് നൊന്ത നോവിന്റെ ആഴം
ഇന്നുമുള്ളിൽ പേറുന്നുണ്ട് ഉരൽ!

പഴയ അരിവാളൊന്ന്
ഇറയിൽ വായ്ത്തല തുരുമ്പിച്ചു മരിക്കാൻ കിടക്കുന്നു
പണ്ട് നൽകതിർ മൂർന്ന മൂർച്ചയാൽ
ഇന്നുമതിന്റെ സ്വപ്നങ്ങൾ മുറിയുന്നു

കപ്പിയും , തൊട്ടിയും ഒരിക്കൽ കൂടി
കിണറാഴങ്ങൾ കാണുവാനുള്ള കൊതി പിരിച്ചു
കയറാക്കാൻ ശ്രമിച്ചു പരാജിതരാകുന്നു!

പൂമുഖത്താരോ വിരുന്നു വന്നോഎന്ന്
എത്തി നോക്കുന്നുണ്ട് ഓട്ടുകിണ്ടി
കാല് കഴുകുവാനതിൻ
വാലും പൊക്കിപ്പിടിച്ച്!

ഉരുളിയും, വട്ടയും , കൊട്ടകൾ ഒക്കെയും
തൊഴിൽ നഷ്ടമായതിൻ നോവിനാൽ വേവുന്നു !

കാന്തവിളക്കുകൾ, മൊട്ടവിളക്കുകൾ ,
ചിമ്മിനി ,റാന്തലുകൾ
പണ്ടത്തെ ഇരുട്ടിനെതിരെ പൊരുതിയ
കഥകൾ ഇന്നും പ്രകാശിപ്പിക്കുന്നു

ചിരട്ടക്കനൽ നിറച്ച ഇന്നലകൾ സ്മരണയിൽ
കൽക്കണ്ടമായി സൂക്ഷിച്ചു ഗതകാലം അയവിറക്കുന്നു
വിശ്രമജീവിതത്തിൽ പണ്ടത്തെ തേപ്പ്പെട്ടി

മുറ്റമടിക്കുന്ന ചൂലു മാത്രമിപ്പോഴും
വിശ്രമമില്ലാതെ
പുലർച്ചെ ഉണരുന്നു ജോലിഎടുക്കുന്നു -
വേതനമില്ലാതൊഴിലിന് വേണ്ടി
സ്വന്തം ജീവിതം തേഞ്ഞു തീരുന്നതിൽ
പരിഭവമേതുമില്ലാത്ത
ഗൃഹനാഥയേപ്പോലെ .

# യുദ്ധശേഷം



ദർശന

കത്തും വേനൽ കട്ടുകവർന്നേ പോകുന്നു,
പണ്ടില്ലാതുള്ളൊരു കാറ്റിൻ വികൃതിക്കുഞ്ഞുങ്ങൾ,
കാറ്റുകലമ്പീ, മേഘത്തിരകൾ ആടിയുലഞ്ഞൂ,
മാനത്തെങ്ങും പോർവിളി
പൊങ്ങിയുയർന്നൂ,
മിന്നൽപിണരായ് വാളിൻ ദ്രുതചലനങ്ങൾ,
യുദ്ധം, യുദ്ധമതാണെങ്ങും .

പൊരുതാൻ വെമ്പിക്കുതികൊള്ളുന്നൂ
കരിമേഘങ്ങൾ, മത്തഗജങ്ങൾ, തുമ്പിക്കയ്യാൽ
ചീറ്റുന്നു, ശരവരിഷം പോലെ ജലധാര .

കാറ്റു കലമ്പീ ,
കുതികൊള്ളും വൻതിരയെ കയ്യാൽ
കോരിയെടുത്തതിവേഗാൽ
വീശി നിറക്കുന്നെങ്ങും - പ്രളയം , പ്രളയം,
ജലമാണെങ്ങുമതിൽ കുതിരുന്നൂ ജന്മങ്ങൾ .

ചെറുഞാറിൻമുനകൾ പാടേ തോറ്റു മടങ്ങുന്നു,
ചെളിമണ്ണിൽ പൂണ്ടു മയങ്ങുന്നു, ജലമുയരുന്നുണ്ടതിവേഗേന ,
ചെറുവള്ളിത്തളിരുകൾ വഴുതുന്നു , ചെറുചെടികൾ
ചറപിറ ചായുന്നു, കുനുകുസൃതിപ്പൂക്കൾ കൊഴിയുന്നു .

ചെറുചില്ലകൾ തമ്മിലിടഞ്ഞു തകർന്നു പതിക്കുന്നു,
ചെറുകൂടു പിളർന്നു കിടക്കുന്നു, മരശാഖികൾ
മെല്ലേ ചായുന്നൂ, അടിവേരുകളിളകിപ്പോരുന്നു ,
മദയാനക്കൂട്ടം തച്ചുതകർത്തൊരു പാരിടമതുപോൽ
കാണാകുന്നൊരു ഭൂതലമാകെ ഞെട്ടി വിറച്ചു കിടക്കുന്നു .

ഉള്ളിൽ തിങ്ങുമൊരുല്ക്കട ഭീതിയതാലേ കാണും
മർത്ത്യന്നുള്ളം പിടയുന്നു, കരിമേഘമുലച്ചു പടർത്തിയ
അന്തിച്ചോപ്പു കവർന്നൊരു കൺതടമാകെ കലങ്ങുന്നു ,
ചെറുനദിതൻ കുറുകെ തടയണയൊന്നു തകർന്നതു
പോലൊരു നീർച്ചാലുരുവം കൊള്ളുന്നു.





അതിമോഹത്താലേ പണ്ടുനിരത്തിയ
കാടിൻ ശൂന്യതയിങ്കൽ നിന്നും ,
ചെമ്പട കൊട്ടി ആർപ്പു വിളിച്ചൊരു
വൻപടയിളകി വരുംപോലെ ,
കുന്നും മലയും പാറക്കൂട്ടവുമിളകിത്തുള്ളും
പുഴ പോലെ, ആർത്തുവിളിച്ചുവരുന്നേരം ,
കിളികുലമാകെ പാറുന്നു,
മൃഗജാലമതാകെ പായുന്നു,
ഓടിയൊളിക്കാൻ ഇടമില്ലാത്തവനുഴറുന്നു,
മണ്ണിൽ വേച്ചു പതിക്കുന്നു, പുതുമണ്ണവനെ പുണരുന്നു.

യുദ്ധമൊടുങ്ങീ, തിരകളടങ്ങി, മേഘമുറങ്ങി ,
മയങ്ങിയുണർന്നൊരു സൂര്യൻ കണ്ണുതുറക്കുന്നേരം ,
പതിയേ പൊട്ടിമുളക്കാൻ വെമ്പി തലപൊക്കുന്നു
വിത്തുകളെങ്ങും ,
അമ്മ ചുരത്തിയ നറുപാലുണ്ടു
നിറഞ്ഞു തുടുത്തൊരു കുസൃതിക്കുഞ്ഞിൻ
വിരലുകൾ മെല്ലേയിളകും പോലെ.

പതിയെ പൊട്ടിമുളക്കട്ടെ,യതു മണ്ണിൻ മീതേ പടരട്ടെ,
ആർത്തിയെഴാത്തൊരു പുതു
തലമുറയിന്നവിടെയുരുവം കൊള്ളട്ടെ .

# മഷിയിൽ മുങ്ങിമരിച്ചവന്റെ മൊഴി

കവിത

ഒരിക്കൽ തിരിഞ്ഞുനോക്കാതെ
നടന്നകലുമ്പോൾ അയാൾ
വായിച്ചു മടക്കിവച്ച പുസ്തകത്തിനുമുകളിൽ
ഊരിവച്ച ആ കണ്ണട
മങ്ങിതുടങ്ങിയിരിക്കുന്നു..
പേനത്തുമ്പിലെ
അവസാനതുള്ളി മഷിയും
 വരണ്ട്
കല്ലിച്ചുപോയിരിക്കുന്നു..

ഓർമ്മകളെ പിന്നിലേക്ക് തള്ളിമാറ്റിയപ്പോൾ
സ്ഥാനംതെറ്റിയ
ആ പഴയ മരക്കസേര
അതേപോലെ തന്നെ വശം ചരിഞ്ഞു കിടന്നു..

അലമാരയിൽ സൂക്ഷിച്ച വക്കുപൊടിഞ്ഞ
പുസ്തകങ്ങൾ
 വാലൻ പുഴുക്കളുടെ താവളമായിരിക്കുന്നു..

 നിറംമങ്ങി വടുക്കൾവീണ ചുവരുകളിൽ
എണ്ണകനച്ച മണം
കാറ്റിൽ ചുറ്റിതിരിഞ്ഞു..

എഴുതിത്തീരാത്ത പുസ്തകത്തിലേക്ക്
ഒലിച്ചിറങ്ങിയ
 ഒരുതുടം മഷിയിലെ കറുപ്പിലേക്കിറങ്ങി
അയാൾ നിശ്ചലനായി..



ദേവു



കവിത



'ചില പൂക്കൾ കൊഴിഞ്ഞാലും
അവയുടെ സുഗന്ധം വായുവിൽ പടരും പോലെ
ചില പ്രണയങ്ങൾ വാക്കുകളില്ലാതെ നിലനിൽക്കും'

## അനാവൃത പ്രണയം

ഒരു ഉദ്യാനവഴികളിലും നമ്മൾ
കൈകോർത്ത് നടന്നിട്ടില്ല,
എന്നാലും നിന്റെ ചിരി എപ്പോഴും
എൻ ചിന്തകളുടെ പാതയിലുണ്ടായിരുന്നു.

ഒരു കടൽക്കരയിലും നമ്മൾ
അസ്തമയസൂര്യനെ സാക്ഷിയാക്കി
കഥകൾ പറഞ്ഞിട്ടില്ല,
എന്നിട്ടും എന്റെ വാക്കുകളെല്ലാം
നിന്റെ നിശബ്ദതയിലേക്കാണ് വഴിതെറ്റിയത്.

ഒരു അമ്പലമുറ്റത്തും,ആൽത്തറയുടെ പിന്നിലും നമ്മൾ
കണ്ണുകൾ കൊണ്ടു ഹൃദയ വിഹാരം നടത്തിയിട്ടില്ല,
എങ്കിലും ഓരോ പ്രാർത്ഥനയിലും
നിന്റെ മുഖം മാത്രമാണ് ഞാൻ കണ്ടത്.

കാലത്തിൻ അതിരുകൾക്കപ്പുറം,
മനസ്സുകൾ ചേർന്നുനിൽക്കുന്ന
അനാവൃത പ്രണയത്തിന്റെ ഇടനാഴിയിൽ
വാകപ്പൂവുകൾ ചുവപ്പുവിരിച്ച ഈ സായംസന്ധ്യയിൽ,
എവിടെയാണ് നാം കൊഴിഞ്ഞു വീണത് ?



സുജിത്ത് സുഗുണൻ

# സ്വപ്നം




ഹാജറ.കെ.എം

ഏതോ യാത്രയിൽ
എവിടെ നിന്നോ വീണു കിട്ടിയൊരു
സ്വപ്നത്തിന്റെ പൊട്ട്
ആരും കാണുന്നില്ലെന്നുറപ്പിച്ച്
ഹൃദയത്തിന്റെ ഉള്ളറയ്ക്കുള്ളിലേയ്ക്ക്
കുത്തിത്തിരുകിയിരുന്നു
പിന്നെ തിരിഞ്ഞു നോക്കാത്തതിനാൽ
ഹൃദയസ്പന്ദനങ്ങൾക്കു വിധേയമായി
ഇടയ്ക്കത് വലുതാവുകയും ചുരുങ്ങുകയും ചെയ്തിട്ടുണ്ട്
പുറമെയുള്ള പൊട്ടലിലും ചീറ്റലിലും
അവ വിറച്ചു വിറച്ച് പനിച്ചു കിടന്നിട്ടുണ്ട്
ആരവങ്ങളെല്ലാം ഒഴിഞ്ഞപ്പോൾ
വെറുതെയൊന്നു ചികഞ്ഞു നോക്കി...
കാലമതെടുത്ത്
വലിച്ചെറിഞ്ഞുവോ ....?



# ദേശാടനം.





സുഭാഷ് പോണോളി.

കുഴിച്ചു മൂടിയ നീച പാപങ്ങൾക്കെല്ലാം
വഴികാട്ടിയായിരുന്നു കാലം.

മറവിയിലലിഞ്ഞുപോയ ഇരുൾ ചുരന്ന ദുരിത
മേച്ചിൽപുറങ്ങൾ,
തരിച്ചുകിടക്കുന്നു.

തൃഷ്ണകൾ പുകഞ്ഞ് ഉമിനീരിലുരുക്കിയൊ
ലിച്ച കുരക്കടഞ്ഞുനിന്ന നീലിച്ച വാക്കുകൾ ക
ണ്ണീരുപ്പിൽ ജ്ഞാനസ്നാനം ചെയ്യുന്നു.

കാൽപ്പാടുകൾ,
കൊഴിഞ്ഞുവീണ ഇലയുടെ അസ്ഥിപഞ്ജരം
പോലെ
മണ്ണിലലിയുന്നു.

നാമ്പുകളുടെ പുനർജ്ജനിയിൽ ഭൂപടങ്ങളി
ഒളിയിടങ്ങളിൽ ഇരുണ്ട നിലാവിൽകൂട്ടം
ഞ്ഞു നടക്കുന്നു.

ഇടവപ്പാതി അലക്കിവെളുപ്പിച്ച
ഭൂമിയുടെ നട്ടുച്ച ശിരസ്സ് പുതിയ മാമോദീസ
യ്ക്ക് തല നീട്ടുന്നു.

അലിവിന്റെ നേത്രങ്ങളിൽ ഉറഞ്ഞുപോയ ഉറ
വയിലെ ഫോസിലുകൾ ജലാശയത്തിന്റെ മറു
കര താണ്ടിയ പരൽമീനുകളുടെതാണ്.

നിറം മങ്ങിയ കാഴ്ച്ചകളുടെ നിഴലുകൾ ശാ
വീഥിയിൽ കാത്തുനിൽക്കുന്നു.

മുഴുപ്പിക്കാത്ത കവിതയിലെ
ഇടറിവീണ പദങ്ങൾക്ക് വാനപ്രസ്ഥം കഴിഞ്ഞ
ഒരാളുടെ നിസംഗത.

ദേശാടത്തിനായ് പൊതിഞ്ഞെടുത്ത സ്മൃതി
ക്കെട്ടിലെ രേഖാചിത്രത്തിൽ കാലം ഉരുക്കിയൊ
ഴിച്ച
ജൻമാന്തര കുടിയിരുപ്പിനടയാളങ്ങൾ
മാഞ്ഞുതുടങ്ങിയിരിക്കുന്നു.....



കവിത

# ഗൗളീശാസ്ത്രം



നിബിൻ കള്ളിക്കാട്

നാലു വാക്കാകിലും നാലിലൊന്നെങ്കിലും
പറയുന്ന കേൾക്കവേ പല്ലി ചിലച്ചീടുകിൽ ,
പറയുന്ന വാക്കിൽ സത്യമെന്നൊരനുഭവം
ആ വാക്കിട്ടുറപ്പിച്ചു പഴമതൻ ചിന്തകൾ ,

പിന്നെ ലോകത്തിൽ പറയുന്ന വാക്കിന്റെ
പഴമകളെല്ലാം പുതുപുത്തനായി മാറേ
മാറിയില്ല പതുങ്ങി പല്ലികൾ വീട്ടിലെ
ജാലകം താണ്ടിയവ നോക്കേ കണ്മുന്നിൽ

പലവീടുകൾ മാറി കുലഗോത്രവും മാറി
എങ്കിലും പല്ലികൾ പണ്ടേന്നും ചിലച്ചൂ...
കാലങ്ങൾ മാറുമ്പോൾ കോലങ്ങൾ കെട്ടുന്ന
മാനവരൂപങ്ങളിൽ പല്ലി മിണ്ടാൻ മറന്നു

പറയുന്ന വാക്കില്ലാ വാക്കിലോ പറയില്ല ,
പറയുന്ന സത്യത്തിൽ പല്ലി നോക്കിയിരുന്നു
ഒന്നുചിലയ്ക്കുവാനുള്ളിൽ കൊതിച്ചും
ഒറ്റ സത്യം കേൾക്കാൻ കാതിൽ ക്ഷമിച്ചും

കണ്ടില്ല കേട്ടില്ല പല്ലി ഒരു സത്യമിന്നങ്ങനെ,
കേൾക്കാതെയാകവേ ചിലയ്ക്കാതെയായി
ചിലമ്പൽ കേൾക്കാതെ ഞാനും തിരക്കേ
റെഡ് ഡേറ്റാ ബുക്കിലിടമുണ്ടേന്നു വാർത്ത

പണ്ടത്തെ പോലവയിന്നില്ല സുലഭമായി
ഏറെയും വംശനാശ ഭീഷണിയിലാണത്രേ
നാലാളു കൂടുമ്പോൾ നേരില്ലാ വാക്കിന്റെ
നാടകത്തിൽ പല്ലികൾ ധർമ്മം മറന്നുപോയി

മനുഷ്യരെ കേട്ടതും അതുവാലു മുറിച്ചും
നേരുകൾ കാണവേ സ്വയം ചത്തുമലന്നും
ഇന്നില്ല പല്ലികളത്രയുമെന്നും ചാകുന്നനേകം
കള്ളങ്ങൾ കേട്ടതിൽ നെഞ്ചകം പൊട്ടി ,
പിന്നുള്ള പല്ലികൾ എവിടെയോ പോയി
മൗനത്തിലൊളിച്ചവ സ്വന്തം ഭാഷ മറന്നു ...!



# നിത്യ സത്യം



മഞ്ജു ഗണേഷ്



മേഘങ്ങൾ മൂകമായി
ആകാശത്തിന് കുറുകെ
കാറ്റു വന്നടിച്ചപ്പോൾ
വഴിമാറി സഞ്ചരിക്കുന്നത് പോലെ..

ഗതി മാറി സഞ്ചരിക്കാതെ
നാം വ്യഥകളെ കുറിച്ച് ഓർക്കുന്നത്
വെറും വ്യർത്ഥമല്ലേ...??
ദുഃഖം അതിന്റെ ഇടം
നമ്മോട് ചോദിച്ചു വാങ്ങിയതല്ലേ?

നാം അതിന്റെ ബന്ധുക്കൾ ആണെന്നും
നിഴലും വെളിച്ചവുമായി അതിന്റെ കൂടെ
നമ്മൾ കൂടിയതുകൊണ്ടാണ്
അത് നമ്മെ വിട്ടു പോകാത്തത്
എന്ന് നാം അറിയാത്തത് എന്തുകൊണ്ടാണ്...??

ഭൂമിയും ആകാശവും കടന്നു
കടലും കരയും കടന്ന്
രക്ഷകൻ വരുമെന്ന പ്രതീക്ഷയിൽ
ദുഃഖത്തെ തോൽക്കാൻ അനുവദിച്ചു കൂടെ...???

മരണമെന്ന നിത്യ സത്യം നിലനിൽക്കുന്നുവെങ്കിലും

മനുഷ്യന്റെ പരസ്പരമുള്ള സന്ദർശനങ്ങളും മത്സരങ്ങളും
ജൈവികതയിലുള്ള ആധിപത്യങ്ങളെക്കാൾ
സങ്കീർണമായ എന്തുണ്ടിവിടെ??

ഒരു പകലുകളിലും ഒതുങ്ങാത്ത വിധം
ഒരു രാത്രികൾക്കും മെരുങ്ങാത്ത വിധം
ഒരു ഭൂപടങ്ങളിലും അടയാളപ്പെടുത്താൻ
സാധിക്കാത്ത വിധത്തിലുള്ള
തുരുത്തിൽ മനുഷ്യർ
ജീവിതത്തെ ബന്ധിച്ചിരിക്കുന്നു

ദുഃഖം അതിന്റെ സ്ഥായിഭാവത്തിൽ പകർന്നാട്ടം തുടരുന്നു
ജീവിതം കുരച്ചുകൊണ്ടു പിന്തുടരുന്നു
നാം തുടലുകൾ പൊട്ടിച്ചോടുന്നു

സത്തയിൽ നിന്നും അസ്തമിക്കുന്നതുപോലെ
മനുഷ്യന്റെ ജീവിതത്തിന്റെ സത്ത
ദുഃഖമാണെന്നും ആ സത്തയ്ക്ക്
അസ്തമനം ഇല്ലെന്നത്
ഒരു കണ്ടെത്തലായി മാറിയെന്നുമീ
കവിതയിൽ അവസാനമായി കുറിയ്ക്കട്ടെ....

# നൗകയെ തേടുന്ന തീരം



വിദൂരതയിലേക്ക്
മറഞ്ഞകന്ന
നിന്നെയും തേടിയാണ്
ഞാനീ കരയോരത്ത്
ഇരിപ്പിടമുറപ്പിച്ചത്.

വ്യാകുലചിന്തകൾ
മണൽപ്പരപ്പിനെ
ചുട്ടുപഴുപ്പിക്കുമ്പോഴും
നിന്റെ ഓർമകളെന്റെ
ഉൾത്തടത്തെ
ഹർഷാരവത്തിലെച്ചു.

വിഷാദത്തിന്റെ
ഏറ്റക്കുറച്ചിലിൽ
എന്നിൽനിന്നും
കടലെടുത്തു പോവുന്ന
തരിമണ്ണുകളെ
വകവെക്കാത്തത്
നീയൊഴുകുന്ന
ജലാശയത്തിലലിയു-
-മെന്നതിനാലാണ്.

പ്രതീക്ഷയുടെ
തിരുവെട്ടമകലെ
തെളിയുന്നതും കാത്ത്
പകലിരവുകൾ
ഏകാന്തതയെ
പ്രണയിച്ചു
വസിക്കുകയാണ് ഞാനിന്നും.



സിദ്ധിഖ് ഓമശ്ശേരി

# ചലനരഹിത നാളുകൾ

കവിത

പ്രായമായി കിടപ്പിലായ ശരീരം,
ഒന്ന് നിരങ്ങാൻ പോലും കഴിഞ്ഞില്ല.
നുറുങ്ങുന്ന എല്ലുകൾ,
നീണ്ടു മെലിഞ്ഞ കാലുകൾ ഇനി ചലനരഹിതം.

മുടി പഴയ ശീലമൊഴിയാതെ കെട്ടിയിരിക്കുന്നു,
അല്ലെങ്കിൽ ജഡം പിടിച്ച് കിടക്കുന്നു.
മുഷിഞ്ഞ വസ്ത്രങ്ങൾ മാറ്റി,
ഇടയിക്കിടെ പുതു വസ്ത്രം അണിയിക്കുന്നു
ആരോ കരുണകൊണ്ട്.

മുറിയിൽ പടർന്നിരിക്കുന്നു
വമിക്കുന്ന മരുന്നുകളുടെ കഠിനഗന്ധം.
ആ ഗന്ധം നാസിക തുമ്പിൽ മടുപ്പ് വിതറി,
ശ്വാസം തൊണ്ടക്കുഴിയിൽ കുടുങ്ങുന്നു.

കാലുകളിൽ തീപിടിച്ച വേദന,
മാംസം വറ്റി എല്ലും തോലുമായി ചേർന്നിരിക്കുന്നു.
ചുരുട്ടിയ കാലുകൾ എല്ലിനെ
പുറത്തേക്ക് കാണിക്കാനായ്
മൗനമായൊരു പോരാട്ടം ചെയ്യുന്നതുപോലെ.

വിരലുകളിലെ നഖങ്ങൾ
ആഴ്ന്നിറങ്ങിയിരിക്കുന്നു.
ജീവിതം വാർദ്ധക്യത്തിൽ തന്നെ
പിടിച്ചുനിൽക്കുന്നുവെന്ന് തോന്നുന്നു.



മാജിദ.കെ





# പ്രണയക്ഷതങ്ങൾ



കെ.പി സജിത്

**കവിത**

നീയെന്നിലേൽപ്പിച്ച
മുറിവുകൾക്കൊക്കെയും
ഓർമയുണ്ടെങ്കിൽ
അവയ്ക്ക് നിന്റെ
നഖങ്ങളുടെ നിറവും
ചന്തവുമായിരിക്കും.

നീയേൽപ്പിച്ച
നഖക്ഷതങ്ങളുടെ
അലിവിലേക്ക് ,
നിന്റെ മോഹരാഗങ്ങളുടെ
വേഗതയിലേക്ക്
ചെവി കൂർപ്പിക്കാനായെന്റെ
ബധിര കൗമാരം...

നിന്റെ ഉൾക്കാമ്പിലെ
ശിലാദ്രവത്തിന്റെ
താപമളക്കുന്ന
സൂക്ഷ്മമാപിനിയിൽ
അന്ധതയുടെ വിരലടയാളം
പതിപ്പിക്കാനായ്
ഞാൻ നടത്തിയ
മൽസരങ്ങൾ...

നീ കാഴ്ചവെച്ച
പ്രണയ ചഷകം
ചോര നാവുകളാൽ
തീണ്ടിയശുദ്ധമാക്കാനായ്
ഡ്രാക്കുളക്കോട്ടയിൽ നിന്നും
ചിറകടിച്ചെത്തിയ
നരിച്ചീറുകൾക്ക്
യൗവനത്തിൽ
ഞാൻ നടത്തിയ വിരുന്നൂട്ട്..

നീയൊരുക്കിയ
പ്രണയ നിലങ്ങളിലേക്ക് ,
ശവംനാറിയുടെ
നിറങ്ങളിൽ , മധ്യാഹ്ന വെയിലിൽ
പിച്ചക ഗന്ധം ചേർത്ത് കൊണ്ട്
ഞാനർപ്പിച്ച നിവേദ്യം...

അതിർവരമ്പില്ലാതെ
നേർത്തു പോയ
ആകാശങ്ങളിലേക്ക്
മുഹൂർത്തങ്ങളറിയാതെ
ഞാൻ നടത്തിയ
വിക്ഷേപണങ്ങൾ

നീയും ഞാനുമല്ലാത്ത
നമ്മളിലേക്ക് ഭ്രമണം
ചെയ്യാനും , നിന്നെയും
എന്നെയും വേർതിരിച്ചെടുക്കാനും
ഗ്രഹണ നിഴലുകളുടെ
ഋതു സംക്രമണങ്ങൾ

പോക്കുവെയിലിലേക്കു
നിഴലുകൾ നീളുമ്പോഴും
ഗ്രഹപ്പൊരുത്തം
കിട്ടാതെ നീയുമൊരുമിച്ചൊരു
പ്രണയവസന്തം കൊതിച്ച ഞാൻ ,
കിനാവിന്റെ തളിരിലകൾ
കൊണ്ട് നിറയാനായ്
മരുപ്പച്ചകളിലേക്ക്
തല ചായ്ച്ചുറങ്ങട്ടെ

കവിത

# ഓർമ്മയിലെ വർണ്ണങ്ങൾ



ഉണ്ണി ഭാസുരി

തിരക്കിട്ട വഴിയോരങ്ങളിൽ,
ഇന്നീ നഗരം മുന്നിൽ പായുമ്പോൾ,
മനസ്സിന്റെ പിന്നാമ്പുറങ്ങളിൽ
ഒരു കൊച്ചു ഗ്രാമം മയങ്ങിക്കിടപ്പുണ്ട്.

ഇവിടെ കെട്ടിടങ്ങൾ ആകാശമുട്ടുന്നു,
അവിടെ പച്ചിലപ്പടർപ്പുകൾ താഴ്ന്നു നിന്നു.
ഇവിടെ ഹോണടി ശബ്ദഘോഷങ്ങൾ,
അവിടെ പുഴയുടെ കളകള നാദം.

വിരൽത്തുമ്പിൽ കറങ്ങിയ പമ്പരങ്ങൾ,
മറഞ്ഞുപോയൊരെൻ കടലാസുതോണി.
പുൽമേടുകളിൽ വീണുടഞ്ഞ
മാമ്പഴത്തിന്റെ മധുരഗന്ധം.

ഇന്നീ യന്ത്രങ്ങൾ എന്നെ ഭരിക്കുന്നു,
സമയമില്ലാത്തൊരു ഓട്ടപ്പാച്ചിലിൽ.
അന്നോ, സൂര്യൻ ഉണരുന്നതുവരെ
നമ്മൾ ചിരികളിൽ ലയിച്ചുമയങ്ങി.

ഒരു മഴ പെയ്താലോർമ്മ വരും,
അന്നു നനഞ്ഞു കുളിച്ച നമ്മൾ.
ആ നനഞ്ഞ മണ്ണിൽ ഒളിപ്പിച്ച
പഴയ കളിവീടിൻ കളിമൺ ചിരി.

മാഞ്ഞുപോയ ബാല്യമേ,
നീയെനിക്കെത്ര പ്രിയപ്പെട്ടതായിരുന്നു!
ഈ കനം കുറഞ്ഞ ചിരികൾക്കപ്പുറം
നിന്റെ നിഷ്കളങ്കത ഞാനെന്നുമേ തേടി.

ഓർമ്മയിലെ വർണ്ണങ്ങൾ മായരുതേ,
ഈ നഗര വെളിച്ചത്തിലും.
എന്റെ നഷ്ടവസന്തത്തെ ഓർത്തുകൊണ്ട്,
ഞാനീ യാത്ര തുടരട്ടെ...







ലാവണ്യ മുല്ലശ്ശേരി

# സ്മൃതിചിത്രം

'ഈ ജനൽ ചില്ലുകൾക്കപ്പുറം കുറേ നിറം മങ്ങിയ കെട്ടിടങ്ങളും തിരക്ക് പിടിച്ചൊരു റോഡുമല്ലാതെ എന്താണ് നിനക്കിത്ര മാത്രം കാണാനുള്ളത് രാജീ.. '

ശ്രീനിയുടെ ശബ്ദം കാതിൽ വന്നു വീണപ്പോഴാണ് സ്ഥലകാലം ബോധം വന്നത്.. അതുവരെ താൻ എവിടെയോ ആയിരുന്നു.

വെറുപ്പോ, വേദനയോ, നിസ്സംഗതയോ എന്ന് തിരിച്ചറിയാനാവാത്ത ചില വികാര സമ്മിശ്രങ്ങൾ വേട്ടയാടുന്ന, തനിക്കൊരിലും രക്ഷപെടാനാവാത്ത ഒരു ലോകത്ത്.

തിരിഞ്ഞു നോക്കിയപ്പോൾ ശ്രീനി തൊട്ടു പുറകിൽ നിൽക്കുന്നുണ്ട്. തന്നെ ചേർത്ത് നിർത്താൻ തയ്യാറായ ആ കൈകളിൽ നിന്ന് രാജി അകന്നു മാറി..

' സോറി ശ്രീനിയേട്ടാ.. വന്നത് ഞാൻ അറിഞ്ഞില്ലായിരുന്നു.. ചോറെടുത്തു വെക്കാം... '

' ഹാ.. നീ അറിയില്ലല്ലോ.. അല്ലെങ്കിലും നാട്ടിൽ നിന്ന് ടിക്കറ്റ് എടുത്ത് ഈ അറബി നാട്ടിലേക്ക് കൊണ്ടു വന്നത് എന്റെ ഭാര്യയെ മാത്രമാണല്ലോ.. മനസ്സിപ്പോഴും ആ ഓണം കേറാ കാട്ടുമുക്കിൽ തന്നെയല്ലേ..

വന്ന അന്ന് മുതൽ കാണുന്നതാണ് ഏത് നേരവും ചുമരും ചാരി ഈ ജനലഴിക്കു മുന്നിൽ...

അല്ലാ.., എന്താണിത്ര മാത്രം അതിനുള്ളിലൂടെ കാണാനുള്ളത്.. കൂടെയുള്ള എന്നെ പോലും ശ്രദ്ധിക്കാതെ എന്ത് പ്രത്യേകതയാണ് ഈ ജനലുകൾക്കപ്പുറം...?

'ഇല്ല.. ഒന്നുമില്ല ശ്രീനിയേട്ടാ.. ഞാൻ വെറുതെ...

ഊറി വന്ന കണ്ണുനീർ ശ്രീനി കാണാതിരിക്കാൻ അവൾ അടുക്കളയിലേക്ക് തിരിഞ്ഞു.

നാളേക്ക് മൂന്ന് മാസമായി ഈ നാല് ചുമരുകൾക്കുള്ളിലേക്ക് ജീവിതം തളച്ചിട്ടിട്ട്.. മഴ തകർത്തു പെയ്തു തോർന്നൊരു സായാഹ്നത്തിലായിരുന്നു ശ്രീനിയേട്ടന്റെ കൂടെ എയർപോർട്ടിലേക്ക് ഇറങ്ങിയത്.. ആ നേരത്തുണ്ടായിരുന്ന മനസിലെ വികാരമെന്തായിരുന്നുവെന്ന് ഇന്നും അറിയുന്നില്ല..

പടിയിറങ്ങുമ്പോൾ പിന്നിൽ നിന്നു കേട്ട അമ്മയുടെ അടക്കി പിടിച്ച തേങ്ങലുകൾ ഹൃദയം വരഞ്ഞു മുറിവേല്പിച്ചിരുന്നു.

വീടും, പാടവും, തോടും, കാറ്റും, കടലും, പുഴയും, മഴയും എല്ലാം ആ യാത്രാ വഴിയിൽ തന്നെ തിരികെ വിളിക്കാൻ വെമ്പുകയായിരുന്നില്ലേ..

അല്ലെങ്കിലും ജീവിതത്തിന്റെ ലാഭ നഷ്ട കണക്കുകൾ വിലയിരുത്തിയാൽ നഷ്ടങ്ങളുടെ പ

ട്ടികയിൽ അടയാളപ്പെടുത്താനുള്ളതായിരുന്ന ല്ലോ ഏറെയും.. അച്ഛനില്ലാതെ അമ്മയുടെ തണലിൽ വളർന്ന നാട്ടിൻ പുറത്തുകാരിയുടെ സ്വപ്നങ്ങൾക്ക് ഈയാം പാറ്റകളെ പോലെ ആയുസ്സ് കുറവായിരുന്നു..

അമ്മക്കായിരുന്നല്ലോ കെട്ടിക്കാൻ തിരക്ക്..

'പൊന്നും പണവും ഒന്നും ചോദിക്കാതെ പെണ്ണിനെ മാത്രം ചോദിക്കുന്ന കൂട്ടരാണ്.. നീ സമ്മതിച്ചേ പറ്റൂ' ന്നുള്ള നിബന്ധനക്കു മുന്നിൽ മറുത്തൊന്നും പറയാൻ തോന്നിയില്ല.

താനൊരിക്കലും ഈ ജീവിതം കൊതിച്ചിട്ടില്ല. ഈ നാടിനെ ആഗ്രഹിച്ചിട്ടില്ല.. സ്വപ്നം കണ്ടതും യാഥാർഥ്യമാവാൻ പ്രാർത്ഥിച്ചതും എന്നും ആ നാട്ടിൻ പുറത്തുകാരിയായിരിക്കാനാണ്.. ആരുമില്ലാതായി പോയ എന്റെ അമ്മയ്ക്ക് എന്നും എല്ലാമായി ഇരിക്കാനാണ്... പാടത്തും പറമ്പിലും പറന്നു നടക്കാനാണ്.. കൂനുള്ള കുഞ്ഞുട്ടി അമ്മായിക്ക് അന്തിക്ക് എന്നും കൂട്ടിരിക്കാനാണ്..

തുമ്പോളം നനഞ്ഞ പാവാട തുമ്പുലച്ച് പിന്നാമ്പുറത്തുള്ള പുഴയോരത്തു പാട്ടുപാടി ഇരിക്കാനാണ്. തൊഴുത്തിലെ അമ്മിണി പയ്യിനെ പറമ്പിൽ നടന്നു തീറ്റിക്കാനും പാല് കറന്നു പതുക്കെയിങ്ങനെ ജീവിതം പടുത്തുയർത്താനുമാണ്..

കല്യാണവും ഭർത്താവും കുഞ്ഞുങ്ങളുമില്ലാതെ ഒരു പെണ്ണിന് ജീവിതം ആസ്വദിക്കാനാവില്ലെന്ന് ഏത് നിയമ പുസ്തകത്തിലാണ് എഴുതി ചേർക്കപെട്ടിട്ടുള്ളത്..

'രാജീ... നീ വീണ്ടും സ്വപ്നലോകത്തേക്ക് പോയോ..

മനുഷ്യന്റെ ക്ഷമക്കൊരു പരിധിയുണ്ട്.. ഇവിടെ സ്ഥിരം കാണുന്ന പരിഷ്‌കാരി പെണ്ണുങ്ങളെ കണ്ടു മടുത്തപ്പോഴാണ് നാട്ടിലേക്ക് അമ്മയെ വിളിച്ചു ഒരു നാട്ടിൻപുറത്തുകാരി പെണ്ണിനെ നോക്കി വെക്കാൻ പറഞ്ഞത്. വല്ല്യ പഠിപ്പോ പത്രാസോ ഒന്നുമില്ലാത്ത ഒരു കുട്ടി തന്നെ വേണമെന്ന് നിർബന്ധം പിടിച്ച എനിക്ക് കിട്ടിയ സമ്മാനമാണ് ഈ അവാർഡ് പടം പോലൊരു പെണ്ണ്...

അട്ടയെ പിടിച്ചു മെത്തയിലിട്ടാൽ കിടക്കില്ലല്ലോ.. ശരിക്കും ഞാൻ അറിയാഞ്ഞിട്ട് ചോദിക്കുവാ. എന്താ രാജി നിന്റെ പ്രശ്നം..? നിനക്കിനി കല്യാണത്തിന് മുൻപ് എന്തെങ്കിലും അഫയർ ...?'

മുഴുവൻ പറയും മുൻപ് ശ്രീനിയുടെ ചുണ്ടിൽ രാജിയുടെ വിരൽ അമർന്നു.. അതുവരെ പിടിച്ചു നിർത്തിയ കണ്ണുനീർ ധാരെ ധാരെയായി അവളുടെ കണ്ണിൽ നിന്നും ഒലിച്ചിറങ്ങി..

' എനിക്ക് പോണം ശ്രീനിയേട്ടാ.. എനിക്കിവിടം പറ്റുന്നില്ല.

ശ്വാസം മുട്ടുന്നു.. '

വീർപ്പു മുട്ടി നിന്ന വാക്കുകൾ അവൾ പോലുമറിയാതെ പുറത്ത് വന്നു.

' എനിക്ക് ആ പഴയ രാജിയായാൽ മതി.. കൈ നിറയെ കുപ്പിവളകളും, കിലുങ്ങുന്ന പാദസരവും ഇട്ട്, പാവാട തുമ്പുലച്ച്, കണ്ണിൽ കണ്ട സകല പൂവുകളോടും, കിളികളോടും, പുൽനാമ്പുകളോടും കഥ പറഞ്ഞു നടന്നു മതിയായിട്ടില്ലെനിക്ക്...

പത്തൊമ്പതാം വയസ്സിലെ ഈ ഭാര്യാ പദവിയെന്റെ ഉറക്കം കെടുത്തുന്നു.. ഇപ്പോഴും കണ്ണടച്ചാൽ നാട്ടിലെ പുഴയിൽ പെയ്തിറങ്ങുന്ന മഴയുടെ ശബ്ദവും, കുപ്പിവള കിലുക്കവുമാണ് ചെവിയിൽ..

ശ്രീനിയേട്ടനെ എനിക്കിഷ്ടമാണ്.. കുറച്ചൊന്നുമല്ല ;ഒരുപാട്... പക്ഷേ എനിക്കിനിയും സമയം വേണം..

കാലം എന്നിലും മാറ്റം വരുത്താതിരിക്കില്ല..

അതുവരെയും ഈ നരച്ച നിറങ്ങളില്ലാത്ത നാട്ടിൽ എന്നെ തളച്ചിടല്ലേ ശ്രീനിയേട്ടാ.. എനിക്ക് നമ്മുടെ നാടുമതി..

ആ നാട്ടിലാണെന്റെ ജീവൻ.. ഇവിടെ ശ്രീനിയേട്ടന്റെ മുന്നിലുള്ളതൊരു ശരീരം മാത്രമാണ്.. '

ഇത്രയും പറഞ്ഞു മുഖം പൊത്തികൊണ്ടവൾ ഉറക്കെ കരഞ്ഞു...

ആ നേരമത്രയും കണ്ണിമ വെട്ടാതെ രാജി പറഞ്ഞു തീർക്കുന്നതും കേട്ടിരുന്ന ശ്രീനിയുടെ മുഖത്തൊരു പുഞ്ചിരി വിടർന്നു.

പതിയെ പതിയെ അതൊരു ചിരിയിലെത്തി..

' എന്റെ പെണ്ണേ ഇതായിരുന്നോ നിന്റെ മനസിൽ. ഞാനിത്രയും ദിവസം എന്തെല്ലാം ചിന്തിച്ചു കൂട്ടി.. നിനക്കെന്നെ ഇഷ്ടമില്ലാഞ്ഞിട്ടായിരിക്കുമോ ഈ അകൽച്ചയെന്നു ഞാൻ പേടിച്ചു..

നാട്ടിൽ അമ്മയും പെങ്ങളും പറഞ്ഞതാണ് നീ കുറച്ചു നാളും കൂടെ നാട്ടിൽ നിൽക്കട്ടെയെന്ന്.. ഞാനാണ് പറഞ്ഞത് ഇതുവരെയും കിട്ടാത്ത സുഖവും സൗകര്യവും സൗഭാഗ്യങ്ങളും നിനക്ക് കിട്ടാൻ നീ എന്റെ കൂടെ വേണമെന്ന്..

ഞാനറിഞ്ഞില്ല പെണ്ണേ നീയിപ്പോഴും കുപ്പിവള തുണ്ടിൽ നിന്ന് കുടുംബ യാഥാർഥ്യത്തിലേക്ക് എത്തിയിട്ടില്ലെന്ന്...

സാരമില്ല.

ഏറ്റവും അടുത്ത ദിവസം നോക്കി തന്നെ ഞാൻ ടിക്കറ്റ് എടുക്കാം.. നിന്റെ ചിറകുകൾക്ക് ഞാനൊരിക്കലും നൂല് കെട്ടില്ല..'

യൗവ്വനവും മനസും ഒരേ പ്രായമായ എനിക്ക്

കൗമാരത്തിൽ നിന്നു ബസ് കിട്ടാത്ത നിന്നെ മനസിലാക്കാൻ പറ്റിയില്ലല്ലോ പെണ്ണേ..'

ഇത്രയും പറഞ്ഞു അയാൾ വീണ്ടും ചിരിച്ചു.. രാജിയുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞു തുളുമ്പിയിരുന്നു.

അത് പക്ഷേ സന്തോഷം കൊണ്ടായിരുന്നു... ●

കഥ



# ഒപ്പം



ഡോ. അപർണ സുജയ്

**കൈ**കൾ വിറയ്ക്കുന്നുണ്ടായിരുന്നു, ചുക്കിച്ചുളിഞ്ഞ കൈകളിൽ ഞരമ്പുകൾ വ്യക്തമായി കാണാമായിരുന്നു. ഇടയ്ക്കിടെ ഉള്ള ചുമ അയാളെ ആസ്വസ്ഥനാക്കിയിരുന്നു. വീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും അയാൾ തന്റെ കൊച്ചുമകനെ നോക്കി.

എന്നും കൂടെ കളിക്കാൻ ഉണ്ടായിരുന്ന തന്റെ കൂട്ടുകാരൻ എങ്ങോട്ടാണീ പോകുന്നതെന്നറിയാതെ, കൈയിൽ ഒരു പന്തുമായി ഉമ്മറപ്പടിയിൽ നിന്നുകൊണ്ട് അവൻ, ആ കാർ തന്റെ കൺവെട്ടത്തുനിന്ന് മായുന്നതു വരെയും നോക്കിക്കൊണ്ടേയിരുന്നു.


ആ വൃദ്ധൻ തിരിഞ്ഞു നോക്കുന്നതിലും മുന്നേ, അയാളെ അവിടിറക്കി അവർ തിരികെ പോയിരുന്നു. ഏതോ ഒരു പെൺകുട്ടി അയാളുടെ കൈയിൽ വന്നു പിടിച്ച് പുറത്തൊന്ന് തലോടിക്കൊണ്ട് ഉള്ളിലേക്കു കൊണ്ട് പോയി. ഉള്ളിൽ അയാൾ കണ്ടത് തന്നെപ്പോലെ ആർക്കും വേണ്ടാതെ ഉപേക്ഷിക്കപ്പെട്ട ഒരുപാട് പേരെയായിരുന്നു.

കൂടെയുണ്ടായിരുന്നവരാൽ ഉപേക്ഷിക്കപ്പെട്ട ആ വൃദ്ധന്, അതിലേറെ പേരെ കൂട്ടിനു കിട്ടി. അതിലേറെ സ്നേഹവും ശ്രദ്ധയും. അപ്പോഴും അയാൾ ആരോ ഒരാളുടെ സാമിപ്യത്തെ ഒരുപാട് ആഗ്രഹിക്കുന്നുണ്ടായിരുന്നു.

മനസ്സുനിറയെ, പന്തുമായി ഉമ്മറപ്പടിയിൽ നിന്ന് തന്നെ നോക്കിക്കൊണ്ടിരുന്ന അയാളുടെ കൊച്ചുമകനായിരുന്നു, അവന്റെ കുസൃതികളായിരുന്നു, വികൃതി കാട്ടിയുള്ള അവന്റെ കള്ളചിരിയാ യിരുന്നു. അമ്മ അടിക്കാൻ വരുമ്പോൾ ഓടി വന്നു തന്റെ പുറകിൽ ഒളിച്ചിരിക്കുന്ന അവനായിരുന്നു അയാൾക്ക് ചുറ്റിലും. നിഷ്കളങ്കമായ അവന്റെ കുഞ്ഞു മുഖം ആ വൃദ്ധന്റെ മനസ്സിൽ നിന്ന് പോവുന്നതേ ഉണ്ടായിരുന്നില്ല.

പുതിയ കളിക്കൂട്ടുകാരെക്കിട്ടി അവനവിടെ അവന്റെ വികൃതികൾ തുടരുമ്പോഴും, ആ വൃദ്ധൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു,

അവൻ ഒപ്പമുണ്ടായിരുന്നെങ്കിൽ........






കാവ്യ സുരേഷ് കെ

ലേഖനം

# സാഹിത്യത്തിലും ചുവടുവെച്ച് എ ഐ

**കാ**ലം മാറി കോലവും മാറി എന്ന് പഴമക്കാർ പറയുന്നതുപോലെ കാലഘട്ടം മാറുന്നതിനനുസരിച്ച് സാഹിത്യലോകത്തും നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട് ഇന്ന് നാം കാണുന്ന സമൂഹത്തിനെ ഭരിക്കുന്നത് തന്നെ എ. ഐ യുഗമാണ്. ക്ലാസിക് കൃതികളിലെ കഥാപാത്രങ്ങളെ നിർമിത ബുദ്ധിയിലൂടെ ആവിഷ്കരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മലയാളം ഇംഗ്ലീഷ് തുടങ്ങിയ നിരവധി ഭാഷകളിലെ സാഹിത്യകൃതികളിൽ നാം ആരാധിക്കുന്നതും ഇഷ്ടപ്പെടുന്നതുമായ എഴുത്തുകാരെ നിർമ്മിത ബുദ്ധിയിലൂടെ വായനക്കാർക്ക് മുമ്പിൽ അവതരിപ്പിക്കുന്നു. ഇഷ്ടപ്പെട്ട രചയിതാക്കളുടെ കൃതികളിലെ വരികൾ രചയിതാവ് തന്നെ നേരിട്ട് വന്ന് പറയുന്നതുപോലെ സൃഷ്ടിക്കാൻ സാധിക്കുന്നു. മാർക്കോസ്, ഹെമിങ്ങവേ, ബഷീർ,മാധവിക്കുട്ടി ബാലാ മണിയമ്മ തുടങ്ങി അകാലത്തിൽ പൊലിഞ്ഞുപോയ എഴുത്തുകാരെ സൃഷ്ടിച്ചുകൊണ്ട് വായനക്കാരെ തൃപ്തിപ്പെടുത്താൻ എ. ഐ യുഗത്തിന് കഴിയുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത.

2025 കേരള സാഹിത്യ അക്കാദമിയിൽ നടന്ന ശഹളസ പരിപാടിയുടെ ഏറ്റവും വലിയ ആകർഷണം എന്നത് വായനയിലൂടെ മാത്രം നാം ഇഷ്ടപ്പെട്ടിരുന്ന കഥാപാത്രങ്ങളെയും നിർമ്മിത ബുദ്ധിയിലൂടെ അവതരിപ്പിച്ചു എന്നതാണ്. ഗൂഗിൾ വിയോ, മിഡ് ജേണി,അഡോബി എന്നീ എ.ഐ ടൂളുകളാണ് ഉപയോഗിച്ചിരിക്കുന്നത്.പ്രമുഖ ഡിസൈനർ മാരായ രാജേഷ് പാലോട്, നയന എന്നിവരുടെ പ്രയത്ന ഫലമാണ് എ.ഐ ദൃശ്യാവിഷ്കാരം. ഇനി വരുന്ന തലമുറയിൽ നമ്മുടെ ഈ കൊച്ചു ലോകത്തെ എ.ഐ ഭരിക്കും. ഇംഗ്ലീഷ് ഭാഷ മാത്രമല്ല എ ഐ സംസാരിക്കുള്ളൂ എന്ന വലിയൊരു തെറ്റു ധാരണ മറി കടക്കാൻ സാധിച്ചു.

ഈ പുരോഗമനം സാഹിത്യലോകത്തിൽ തന്നെ വൻവിപ്ലവം സൃഷ്ടിക്കുന്നു എന്നതും തീർച്ച. മാർക്വേസ്, ഹെമിങ് വേ തുടങ്ങിയ സാഹിത്യകാരന്മാർ മലയാളത്തിൽ സംസാരിക്കുന്ന എ.ഐ ദൃശ്യങ്ങൾ വരെ സോഷ്യൽ മീഡിയയിൽ വ്യാപിച്ചിരിക്കുന്നു. പെൺ എഴുതിടങ്ങളെ ശക്തമായി എ. ഐ യിൽ ദൃശ്യ വൽക്കരിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ എ. ഐ ടെ അനന്ത സാധ്യത കളാണ്.

പഴമയെ മാത്രം മുമ്പിൽ കണ്ടുകൊണ്ട് ജീവിക്കുന്ന ജനതയ്ക്ക് എ. ഐ ഒരിക്കൽ പോ

ലും അംഗീകരിക്കാൻ ആവില്ല

പല എഴുത്തുകാരും പറയുന്ന ഒരേ വാചകമാണ് മനുഷ്യനെപ്പോലെ ചിന്തിക്കുന്ന ഈ മെഷീനുകൾക്ക് മുമ്പിൽ സാഹിത്യ ലോകവും അടിമപ്പെടുകയും ചെയ്തു എന്ന് തീർച്ച.

വരുംകാലങ്ങളിൽ സാഹിത്യ ലോകത്തെ എഐ വളർച്ച വലിയ തോതിൽ ബാധിക്കും.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ ഭരിക്കുന്ന എഐ സൃഷ്ടി വായനക്കാരുടെയും സർഗാത്മകഥയ്ക്ക് ഒരു വെല്ലുവിളി ആകുമെന്നും വായിക്കാനുള്ള പ്രവണത കുറയ്ക്കുകയും ചെയ്യും. നിർമ്മിത ബുദ്ധി സാഹിത്യ ലോകത്തിന്റെ അടിവേരുകളെ സാരമായി ബാധിക്കുന്നു.

വായനയോട് ഉള്ള താല്പര്യം ക്രമേണ കുറയുന്നു.

പുത്തൻ തലമുറയിലെ ആസ്വാദകരെ ബാധിക്കാത്ത വണ്ണം ഈ വളർച്ച എന്തുകൊണ്ടും നല്ലതാണ്.

നിർമ്മിത ബുദ്ധിയുടെ വളർച്ച സാഹിത്യ ലോകത്ത് ധാരാളം വിമർശനാത്മക തലങ്ങൾ സൃഷ്ടിക്കുന്നു. ഈ സാങ്കേതികവിദ്യ പഴമയെ ത്വരിതപ്പെടുത്തുകയും വായനക്കാരുടെ സർഗ്ഗാത്മക സൃഷ്ടിക്ക് ദോഷം ഉണ്ടാക്കുകയും ചെയ്യും.

നിർമ്മിത ബുദ്ധിയുടെ കണ്ടുപിടിത്തം പൂർ



ണ്ണമായും ദോഷകരമല്ല എന്ന ധാരണയിൽ സാഹിത്യലോകം എത്തിച്ചേരുന്നു. എന്നാൽ പുത്തൻ തലമുറയ്ക്ക് സാഹിത്യ ലോകത്തെ സംബന്ധിച്ച് വലിയൊരു ഭീഷണിയാണ്.



വായിച്ചാൽ വളരും വായിച്ചില്ലേലും വളരും എന്ന് കുഞ്ഞുണ്ണി മാഷിന്റെ വരികളെ ആസ്പദമാക്കി ചിന്തിച്ചാൽ ഈ കാലഘട്ടത്തിലെ ആളുകൾ വായിക്കുന്നതും അറിവ് നേടുന്നതും കൃത്രിമ ബുദ്ധിയുടെ സഹായത്തോടെയാണ്. നമ്മൾ ചെറുപ്പം മുതലേ കേട്ട് വന്ന ഡ്രാക്കുള കഥകളെ എ.ഐ സഹായത്തോടെ നമുക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുന്ന രീതി മികവുറ്റതാണ്.

എ. ഐ സാങ്കേതിക വിദ്യയുടെ വളർച്ച ഒരു വശത്ത് ഗുണകരവും മറുവശത്ത് വിനാശവും സൃഷ്ടിക്കുന്നു. എന്നാലും എ ഐ യുഗത്തിൽ യാഥാർത്ഥ്യവും സാങ്കല്പികവുമായ ലോകത്തേക്കാണ് സാഹിത്യം കടന്നുപോകുന്നത്. ഇന്നത്തെ തലമുറയെ സംബന്ധിച്ച് എ ഐ സാഹിത്യ ലോകവും കീഴടക്കി എന്നത് പുത്തൻ പുതിയ വാർത്തയാണ്. നിലവിലുള്ള വിവരങ്ങളെ ആസ്പദമാക്കി വിലയിരുത്തിയാൽ

സാഹിത്യലോകം പഴമയാർന്ന ചിന്തകളിൽ നിന്ന് മാറി ഇപ്പോൾ എഐ കീഴടക്കിയിരിക്കുകയാണെന്ന് നമുക്ക് അനുമാനിക്കാം.

# പാറക്കോവിലിന് പറയുവാനുള്ളത്



ദർശന

ഇന്നുകളിൽ അഭിരമിക്കുമ്പോഴും ഇന്ന ലെകളെ കുറിച്ചോർത്ത് നൊമ്പരപ്പെടുകയും നാളെകളെക്കുറിച്ച് കനവ് കാണുകയും ചെയ്യുകയെന്നത് മനുഷ്യസഹജമാണ്. ഒരുപക്ഷേ നാളെ ഇനിയെന്താകും എന്നതിനേക്കാൾ, കഴിഞ്ഞുപോയ പിന്നിട്ടു പോന്ന പാതകളെക്കുറിച്ചാകും മനുഷ്യർ ഏറ്റവും കൂടുതൽ ഓർത്തിട്ടുണ്ടാവുക. എന്തെന്നാൽ മുന്നോട്ടുള്ള പ്രയാണത്തിന് ആക്കം നൽകുന്നത് പിറകിൽ നിന്നുള്ള ഈ സ്മൃതികളാണ് .അത് ചരിത്രമായാലും ജീവിതമായാലും അങ്ങനെ തന്നെയാണ്. ഇന്നലെകളെ കുറിച്ചുള്ള ജ്വലിക്കുന്ന സ്മരണകൾ ഇല്ലാതെ ചരിത്രം പൂർണമാവുകയില്ല എന്നു സാരം.




പാറോളി എന്ന ഗ്രാമ വിശുദ്ധിയെ പാറക്കോവിൽ എന്ന് വീണ്ടെടുത്തത് സാഹിത്യ തൽപരരായ തന്റെ ചേട്ടന്മാരായിരുന്നു എന്ന് മനോഹർ ലാൽ പറയുന്നു. പൗരാണികവും സാമൂഹികവും സാംസ്കാരികവുമായ വികാസ പരിണാമങ്ങൾ അദ്ദേഹത്തിന്റെ ഓർമ്മകളിൽ നമുക്ക് വായിച്ചെടുക്കാം. അന്നത്തെ ജീവിത സാഹചര്യങ്ങളുടെ ഒരു നേർചിത്രമാണ് ആ ഓർമ്മകളിൽ തുടിക്കുന്നത്.

പാറക്കുളങ്ങളും പാറമടയും ഉള്ള നാട്. തനിക്ക് ചുറ്റും ഉണ്ടായിരുന്ന മനുഷ്യരോടുള്ള ഇഴയടുപ്പം അത്രയും തീവ്രമായതിനാലാണ് ഈ ഓർമ്മക്കുറിപ്പുകളിൽ ഇത്രയും വ്യക്തമായ ഒരു ചിത്രം അദ്ദേഹത്തിന് അവരെക്കുറിച്ച് നൽകുവാനാകുന്നത്.

നാട്ടിലെ സാംസ്കാരിക കേന്ദ്രങ്ങൾ ആയിരുന്നു ചായക്കടകൾ എന്ന് പൊതുവിൽ പറയാറുണ്ട്. എന്തെന്നാൽ കൂലംകഷമായ ചർച്ചകൾ ഏതു വിഷയത്തെക്കുറിച്ചും നടക്കുന്ന ഇടങ്ങളാണവ. പാറക്കോവിലും അതിൽനിന്ന് വ്യത്യസ്തമല്ല. കണ്ടുമാന്റെ ചായക്കട ഈ ഓർമ്മക്കുറിപ്പുകളിൽ ഇടയ്ക്കിടെ കയറി വരുന്നത് അതുകൊണ്ടാണ്. വായനശാലകളും പെരുവനം സ്കൂളും സി എൻ എൻ ഹൈസ്കൂളും സാംസ്കാരിക പരിപാടികളും അന്ന് ഹൈലൈറ്റ് ആയിരുന്ന കലാ കഥാപ്രസംഗം എന്ന കലയും എല്ലാം വളരെ മിഴിവാർന്ന ചിത്രങ്ങളായി മനോഹർലാലിന്റെ സ്മൃതികളിൽ തെളിയുന്നുണ്ട്. ഗ്രാമവാസികളെ കുറിച്ച് സൂചിപ്പിക്കാൻ ഈ കുറിപ്പ് മതിയാകാതെ വരും എന്നതിനാൽ സ്നേഹപൂർവ്വം ഒഴിവാക്കുന്നു. അവരെക്കുറിച്ച് വായിച്ചുതന്നെ അറിയുക. ആ സ്നേഹത്തിന്റെ പരസ്പരമുള്ള ഇഴയെടുപ്പത്തിന്റെ അഗാധവും ദൃഢവുമായ ബന്ധം അറിയുക.

ഓരോ മനുഷ്യരെയും അടയാളപ്പെടുത്തുന്നത് അവരുടെ ജീവിതത്തെയും സാംസ്കാരികവും സാമൂഹികവുമായി അവർക്കുള്ള ബന്ധത്തെയും അടയാളപ്പെടുത്തിക്കൊണ്ടാണ് എന്നതാണ് ഈ ഓർമ്മക്കുറിപ്പുകളുടെ പ്രത്യേകത .കാലമെത്ര

മാറിയിരിക്കുന്നു. പഴയ പാറക്കോവിൽ അല്ല ഇപ്പോൾ ഉള്ളത്. പുതിയ ചിത്രങ്ങളിൽ പലതും അപ്രത്യക്ഷമായി എന്ന് വളരെ വേദനയോടെയാണ് മനോഹർലാൽ കുറിക്കുന്നത് . എങ്കിലും കാഴ്ചകൾക്കും കാലത്തിനനുസരിച്ച് മാറാതിരിക്കാനാവില്ലല്ലോ എന്ന് ആശ്വസിക്കുന്നുണ്ട് അദ്ദേഹം. അൻപത് അറുപത് കൊല്ലം നടന്നു തീർത്ത വഴികളിലൂടെ ഒരിക്കൽ കൂടി യാത്ര പോകാൻ എല്ലാവരെയും അദ്ദേഹം ക്ഷണിക്കുന്നുമുണ്ട്.

കണ്ടുമാന്റെ ചായക്കട, തിരുവുള്ളക്കാവിലെ ഉത്സവം, തായംകുളങ്ങര തൈപ്പൂയം , പുള്ളുവൻ പാട്ട് , ഓരോ ദേശത്തും ഉണ്ടായിരുന്ന വീട്ടുകാർ, പാറക്കോവിൽ ക്ഷേത്രവുമായി ചുറ്റിപ്പറ്റിയുള്ള കെട്ടുകഥകൾ, തായംകുളങ്ങര തൈപ്പൂയത്തെ മറികടന്ന് കൂർക്കഞ്ചേരി പൂയം മുന്നിലേക്ക് വന്നത്, പെരുവനം , ചേർപ്പ് എന്നിവിടങ്ങളിലെ പള്ളിക്കൂടക്കാലം, കർക്കടക വിഷു സംക്രമങ്ങൾ, ഓണാഘോഷങ്ങൾ എന്നു വേണ്ട നാട്ടിലെ ആഘോഷങ്ങളും ആചാരങ്ങളും എല്ലാം തനിമയോടെയും തെളിമയോടെയും ഹൃദയസ്പർശിയുമായാണ് അദ്ദേഹം കുറിക്കുന്നത് . അത് വായിച്ചുതന്നെ അറിയണം. ഈ കുറിപ്പുകളിൽ നിന്നും ആരും വിട്ടു പോയിട്ടില്ല എന്ന് ഉറപ്പുവരുത്താൻ അത്യധികം ശ്രദ്ധാലുമാണ് അദ്ദേഹം എന്ന് വായനയിൽ ബോധ്യപ്പെടും. നാട്ടുകാർക്കിടയിലെ അടുപ്പവും സ്നേഹവും ഇന്ന് കാണാൻ സാധിക്കുമോ ? ഇല്ല എന്ന് നിസ്സംശയം പറയുവാനാകും . എന്തെന്നാൽ പഴയ നിഷ്കളങ്കരായ ഗ്രാമീണരിൽ നിന്നും മൂടുപടമണിഞ്ഞ നാഗരീകരിലേക്ക് മനുഷ്യർ ഒരുപാട് ദൂരം സഞ്ചരിച്ചെത്തിയിരിക്കുന്നു .

മനോഹർലാൽ പറയുന്നത് പറഞ്ഞു തീരാത്ത നാടാണ് പാറക്കോവിൽ എന്നാണ്. തന്റെ ബാല്യ കൗമാര യൗവ്വനങ്ങളെക്കുറിച്ചും ഇടപഴകിയ മനുഷ്യ ജീവിതങ്ങളെക്കുറിച്ചും മനോഹർലാൽ പറയുമ്പോൾ ആ സ്മൃതികൾ ശ്ലഥചിത്രങ്ങളായാണ് നമുക്ക് ദർശിക്കാനാവുക. എന്തെന്നാൽ ഓർമ്മകൾ അങ്ങനെയാണ്. അടുക്കും ചിട്ടയുമില്ലാതെ കടന്നുവരുന്നു. ജീവിതത്തെ തൊട്ടുണർത്തുന്നു. പൊടുന്നനെ മാഞ്ഞുപോകുന്നു. അത്രയും ഹൃദയത്തോട് ചേർന്ന് നിൽക്കുന്നതാകയാൽ നാം ഒന്ന് പൊള്ളിപ്പിടയാതിരിക്കില്ല, മിഴികൾ ഒരു നിമിഷം ഈറനണിയാതിരിക്കയില്ല.

തന്റെ ഓർമ്മക്കുറിപ്പുകളിലൂടെ അറിഞ്ഞോ അറിയാതെയോ തൻറെ ദേശത്തിൻറെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രത്തെയാണ് അടയാളപ്പെടുത്തുന്നത് ഇങ്ങനെയൊരു നാട് ഉണ്ടായിരുന്നുവെന്നും ഇങ്ങനെ കുറെ മനുഷ്യർ അവിടെ ജീവിച്ചിരുന്നു എന്നും വരുംതലമുറയ്ക്ക് ഒരു ഓർമ്മപ്പെടുത്തലാണ് ഈ പുസ്തകം.




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

കവിത

## ചാരത്തിൽ നിന്നുള്ള അത്തർ

സ്വന്തം കുടിലിൽ ഉറങ്ങാൻ ആഗ്രഹമാ
മുസ്ലിം ആയതിന്മേൽ അടിച്ചമർത്തുകയാണ്.
വലിയ കെട്ടിടങ്ങൾ പോലും കാണാം ഒരു മരുഭൂമി പോലെ.
മണ്ണിനാൽ നിർമ്മിച്ച എന്തോ!
വാണം പോലെ.
ജന്മ നാട്ടിലോട്ട് അതിക്രമിച്ചു വന്നവർ നന്മ ഇല്ലാതാക്കുന്നു.
കുന്നെന്നും അമ്മയും ഒന്നുമില്ലാതെ കൊന്നു തള്ളുന്നു.
പ്രപഞ്ചത്തിൻ അനുഗ്രഹമാ ആ പിഞ്ചുമക്കൾക്ക്.
മണ്ണിനാൽ നിർമ്മിച്ചവൻ മണ്ണിൽ തന്നെ അന്ത്യം.
നിർമ്മിച്ചതും മണ്ണ് കൊണ്ട ആ മണ്ണിനെ തന്നെ കഴിക്കുന്നത്.
രക്ഷിതാവിൻ രക്ഷയും.
അന്യന്റെ ഭക്ഷണവും മാത്രം പ്രതീക്ഷ.
സ്വർഗ്ഗം നൽകേണമേ ആ മണ്ണിനടിയിൽ കിടക്കുന്നവർക്ക്..

**അഷ്മിൽ വെള്ളശ്ശേരി**
സൈൻ ഐ.എ.എഫ്.എസ്
9 Std വിദ്യാർത്ഥി.

കവിത

## സ്വർഗ്ഗവനം

വനത്തിനുള്ളിൽ അയാൾ
അലഞ്ഞുല്ലസിച്ചു.

ഹരിത വർണ്ണം
കാണിച്ചുതന്ന
മായലോകത്ത്
അവൻ ലയിച്ചു.

താളം ചവിട്ടുന്ന
മരങ്ങൾക്കിടയിൽ,
കിനാവിന്റെ നീർച്ചാലിലൂടെ
കുളിർ കൊണ്ട് നടന്നു.

ഓളങ്ങളുടെ ഒഴുക്കിൽ
അയാളൊരു
മത്സ്യമായി പരിണമിച്ചു.

പുലരി മായ്ക്കാത്ത
കിനാ-കൊട്ടാരത്തിൽ
രാജാവായി വാണു.

**മുഹമ്മദ് ഗസാലി ഓ കെ വാഴക്കാട്**
**മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്**

കവിത:

## പ്രകൃതി

പുലരുന്നു ഈ ഭൂവം
ആടിയുലയുന്ന നെൽക്കതിരിലും
ചിരിവിടർത്തുന്ന പൊൻമൊട്ടിലും
എന്തു ചന്തമാണീ ഗോളം.

ചറ പറ പെയ്യുന്ന മഴയും
ചൂടിൽ വിടരുന്ന വെയിലും
പറന്നുയർന്നു വരുന്ന കാറ്റും
എന്തു ചന്തമാണീ ഗോളം.

നിരനിരയായി നിൽക്കും തെങ്ങിൻതോപ്പും
വരിവരിയായി നിൽക്കും വാഴത്തോപ്പും
തിങ്ങിതിങ്ങി നിൽക്കും റബ്ബർ കാടും
എന്തു ചന്തമാണീ ഗോളം.

**ഫാത്വിമ സൻഹ സി**
**പൊന്മള, മലപ്പുറം**
**മഅ്ദിൻ ഹിയ അക്കാദമി**
**ക്ലാസ്: 08**

കവിത:

## മാഞ്ഞു പോകുന്ന പ്രകൃതി

നിലാപൊഴിയും രാവിനെ
അന്നലങ്കൃതമാക്കിയിരുന്ന
മിന്നിത്തിളങ്ങും നക്ഷത്രങ്ങൾ
ഇന്നെവിടെ ?

കണ്ണെത്താദൂരത്തോട്ട്
പരന്നുപന്തലിച്ച
പച്ചമൈതാനമാകും
നെൽപാടങ്ങൾ
ഇന്നെവിടെ ?

വൻകാടുകളെ
കാടാക്കിമാറ്റിയ
കൂറ്റൻ വൃക്ഷക്കൂട്ടങ്ങൾ
ഇന്നെവിടെ ?

എൻഭൂമിയെ
ഭൂമിയാക്കി നിലനിർത്തിയ
ആണിയാകും പർവ്വതനിരകൾ
ഇന്നെവിടെ ?

**അസീം എം.കെ വാഴക്കാട്**
class - 8
മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്

## വിശപ്പിന്റെ കാഠിന്യം

തെരുവോരത്തെ
ഭിത്തിക്ക് കീഴെ
ഒരു കുഞ്ഞു ഹൃദയം
മിടിക്കുന്നു
ഇടക്ക് പശിയവനെ
കുത്തിനോവിക്കുന്നുണ്ട്

അനാഥനായതിനാൽ
തന്നെയാരും ചേർത്തുപിടിക്കാനില്ല
അപ്പോഴാണ്
ഒരു മനുഷ്യൻ
ആ കുഞ്ഞുടൽ എടുക്കുന്നത്

തന്റെ വിശപ്പിനെ
തുരത്താനായി കരുതിയ
റൊട്ടിക്കഷ്ണം
ആ കുഞ്ഞിൻറെ വായിൽ
വെച്ചുകൊടുത്തു

ഒരു ജീവന് മിടിപ്പേകിയെങ്കിലും
തന്നിൽ മൂർച്ഛിക്കുന്ന
മരണ വേദന
അയാളെ തളർത്തി
വിശപ്പിന്റെ കാഠിന്യം
അപ്പോഴാണയാളുടെ
ഹൃത്തിൽ വിരിയുന്നത്

സമൃദ്ധകാലത്ത്
താനൊഴിവാക്കിയിട്ട
ഭക്ഷണത്തെ കുറിച്ചോർത്തയാൾ
കണ്ണീർ വാർത്തു

**മുഹമ്മദ് റസൽ എ പി പാങ്ങ്**
**മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്**



**ആയിഷ സിയാന, 3 C**
എം.ഇ. ടി പബ്ലിക് സ്കൂൾ
നാദാപുരം



ആരാധ്യ വർമ്മ സി.കെ
6 A, Anmmups തളി

**കവിത:**

## ഒറ്റക്ക്

നീയും നിലാവും
നഷ്ടപ്പെട്ട
കറുത്തവാവിലാണ്
എന്റെ വെളിച്ചം നഷ്ടപ്പെട്ടത്

പ്രകൃതിയുടെ
ആശാശത്തേരിലെത്തിയപ്പോൾ
നക്ഷത്രങ്ങൾ പൊലിഞ്ഞു
പോയ ദിക്കിൽ ഒറ്റപ്പെട്ടു

ഇനി നീ
മറന്നെന്നോ
മടുത്തെന്നോ
പറഞ്ഞോളൂ
ഇനിയും സ്നേഹമുണ്ടെന്ന്
പറഞ്ഞു പറ്റിക്കരുത്


**ഫാത്വിമ സനിയ്യ.ടി**
Class 10
പൂപ്പലം
മാ അദിൻ ഹിയ അക്കാദമി



Ahil Ahammed
Class: 3 C
Farook English medium Higher secondary school, kottakkal



**ആദം ഇയാൻ**
1_A
എം.ഇ. ടി നാദാപുരം



ധരൺജിത്ത്.പി എസ്
Std. 1
ജി.യു.പി.എസ് വരടിയം




ദ്വിവിക് വർമ്മ CK
2 A
Anmmups തളി






ഹന്ന തസ്നി, 1 A
എം.ഇ. ടി പബ്ലിക് സ്കൂൾ



ജോഷ് വിൻ N.J
2A
കൊട്ടേക്കാട് CBPS സ്കൂൾ





മുഹമ്മദ് ഹാസിൻ സയാൻ
2 nd D, എം.ഇ. ടി നാദാപുരം

# കേരളപ്പിറവി: ഭാഷയും ഭരണവും ഒന്നിച്ച സുദിനം




– ബിനു വെളിയനാടൻ

ഓരോ വർഷവും നവംബർ ഒന്ന് ചരിത്രപരമായ കാരണങ്ങൾകൊണ്ടും സാംസ്കാരികപരമായ പ്രാധാന്യം കൊണ്ടും ഓരോ മലയാളിക്കും ആഘോഷത്തിന്റേയും ഓർമ്മപ്പെടുത്തലിന്റേയും ദിനമാണ്. 1956 നവംബർ ഒന്നിനാണ് മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെല്ലാം ഒന്നായി ചേർന്ന് കേരള സംസ്ഥാനം രൂപം കൊണ്ടത്. അതിനാൽ ഇത് കേരളപ്പിറവി ദിനമെന്നും മാതൃഭാഷയുടെ ഉയിർത്തെഴുന്നേൽപ്പ് എന്ന നിലയിൽ മലയാളഭാഷാദിനം എന്നും ആചരിക്കുന്നു.

### കേരളപ്പിറവിയുടെ ചരിത്ര പശ്ചാത്തലം

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളായും ബ്രിട്ടീഷ് ഭരണത്തിന് കീഴിലുള്ള മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായ മലബാറായും വിഘടിച്ചു കിടന്നിരുന്നു. ഒരേ ഭാഷ സംസാരിക്കുന്നവരെല്ലാം ഒരുമിച്ച് ഒരൊറ്റ സംസ്ഥാനമായി ജീവിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഐക്യകേരള പ്രസ്ഥാനം ശക്തിപ്പെട്ടത്.




ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനമാണ് ഐക്യകേരള സ്വപ്നം യാഥാർത്ഥ്യമാക്കിയത്. ഫസൽ അലി കമ്മീഷന്റെ ശുപാർശ പ്രകാരം തിരുവിതാംകൂറും കൊച്ചിയും (തിരു-കൊച്ചി) മലബാർ ജില്ലയും അവിടുത്തെ മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെയും കൂട്ടിച്ചേർത്ത് കേരള സംസ്ഥാനം രൂപീകരിച്ചു. ഈയൊരു ഭൗമരാഷ്ട്രീയ ഏകീകരണം ഒരു ഭാഷാ സമൂഹത്തിന്റെ വിജയം കൂടിയായിരുന്നു. കേരളം രൂപീകരിക്കുമ്പോൾ വെറും 5 ജില്ലകൾ മാത്രമാണുണ്ടായിരുന്നത്. 1957ൽ ആദ്യ പൊതുതിരഞ്ഞെടുപ്പ് നടക്കുകയും ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യ കേരള സംസ്ഥാന മന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്തു.

### മലയാളഭാഷാദിനത്തിന്റെ പ്രാധാന്യം

കേരളപ്പിറവി എന്നത് കേവലം ഒരു സംസ്ഥാനത്തിന്റെ പിറവി മാത്രമല്ല; അത് മലയാള ഭാഷയുടെയും അതുമായി ബന്ധപ്പെട്ട സംസ്കാരത്തിന്റെയും ഐക്യപ്പെടൽ കൂടിയാണ്. അതുകൊണ്ടാണ് നവംബർ ഒന്നിനെ മലയാള ഭാഷാ വാരാഘോഷങ്ങളുടെ ഭാഗ

മായും കാണുന്നത്. വിവിധ നാട്ടുരാജ്യങ്ങളിൽ ചിതറിക്കിടന്നിരുന്ന മലയാളികൾക്ക് പൊതുവായ ഒരു ഭരണകൂടവും മാതൃഭാഷക്ക് ഔദ്യോഗികമായ പദവിയും ലഭിക്കാൻ ഭാഷാപരമായ ഈ ഏകീകരണം കാരണമായി.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റേയും വളർച്ചക്ക് ഈ ദിനം ഒരു പുതിയ ഊർജ്ജം നൽകി. കല, സാഹിത്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം പിന്നീട് കൈവരിച്ച നേട്ടങ്ങൾക്ക് അടിസ്ഥാനമിട്ടതും സാംസ്കാരിക പരിപോഷണം സംഭവിച്ചതും ഈ ഭാഷാപരമായ ഐക്യമായിരുന്നു. പുതുതലമുറയിൽ മലയാളത്തോടുള്ള സ്നേഹവും താൽപ്പര്യവും വളർത്താനും മാതൃഭാഷ സംരക്ഷിക്കാനും ഭരണഭാഷയായി മലയാളത്തെ ഉപയോഗിക്കാനുമുള്ള പ്രതിജ്ഞാബദ്ധത ഓരോ വർഷവും ഈ ദിനത്തിൽ നാം പുതുക്കുന്നു.

## മാതൃഭാഷ: ഓർമ്മയും അഭിമാനവും

ഭാഷയെന്നത് കേവലം ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല, ഒരു ജനതയുടെ സംസ്കാരവും പൈതൃകവും ഒളിഞ്ഞുകിടക്കുന്ന ചെപ്പാണത്. മലയാളഭാഷാദിനം നമ്മുടെ മാതൃഭാഷയുടെ തനിമയെയും വളർച്ചയെയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഏറ്റവും സ്വാഭാവികമായി പ്രകടിപ്പിക്കാൻ മാതൃഭാഷ നമ്മെ സഹായിക്കുന്നു. സ്വന്തം സംസ്കാരത്തെയും പാരമ്പര്യത്തെയും അടുത്തറിയാനും ഭാഷ സഹായകമാണ്. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ മറ്റ് ഭാഷകളെ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടത് ആവശ്യമാണെങ്കിലും മാതൃഭാഷയെ മറക്കുന്നത് നമ്മുടെ വേരുകൾ മുറിച്ചു മാറ്റുന്നതിന് തുല്യമാണ്.

'എന്റെ ഭാഷ, എന്റെ വീട്
എന്റെ അമ്മ, എന്റെ സ്നേഹം
എന്റെ നാട്, എന്റെ ജീവൻ
എന്റെ സർവ്വസ്വവും നീ!' വള്ളത്തോൾ നാരായണമേനോൻ എന്റെ ഭാഷ എന്ന കവിതയിൽ ഇങ്ങനെ കുറിച്ചു. ഈ വരികൾ മലയാളത്തോടുള്ള അഗാധമായ സ്നേഹമാണ് വെളിവാക്കുന്നത്. ഭാഷയെ അമ്മയോടും ജീവനോടും ഉപമിക്കുന്നത് അതിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുന്നു.

'അമ്മ മലയാളം, നിൻ മടിയിൽ ഞാൻ
വീണ്ടും വീണ്ടും പിറക്കട്ടെ.' ഓ.എൻ.വി. കുറുപ്പിന്റെ ഈ വരികൾ മാതൃഭാഷയുടെ മഹനീയത വിളിച്ചോതുന്നു. മാതൃഭാഷയോടുള്ള തീവ്രമായ ആത്മബന്ധം ഈ വരികളിൽ തെളിഞ്ഞു കാണാം.

'മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ചിന്തകളെയും വികാരങ്ങളെയും കൂടുതൽ ആഴത്തിൽ സ്വാധീനിക്കുന്നു.' എന്നു പ്രബോധിപ്പിച്ച മഹാത്മാഗാന്ധിയുടെയും 'ഒരു ജനതയുടെ ആത്മാവ് അവരുടെ ഭാഷയിലാണ് കുടികൊള്ളുന്നത്.' എന്നു പഠിപ്പിച്ച ജവഹർലാൽ നെഹ്റുവിന്റെയും വാക്കുകൾ നമുക്കെന്നും പ്രചോദനമാകട്ടെ.

## കേരളം: പെരുമയും മുന്നോട്ടുള്ള വഴിയും

കേരളപ്പിറവിക്ക് ശേഷം കഴിഞ്ഞ ഏഴു പതിറ്റാണ്ടുകാലം കൊണ്ട് കേരളം വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും സാക്ഷരതയിലും ലോകത്തിന് തന്നെ മാതൃകയായി. ഉയർന്ന സാക്ഷരതാനിരക്ക് കാരണം മലയാളി സമൂഹം ബുദ്ധിപരമായി ചിന്തിക്കുന്നവരും പുരോഗമനപരമായ ആശയങ്ങളെ സ്വാഗതം ചെയ്യുന്നവരും ലോകമെമ്പാടും പടർന്നു പന്തലിച്ചവരുമായി മാറി. എന്നാൽ ഓരോ കേരളപ്പിറവിദിനവും ആഘോഷിക്കുമ്പോൾ നമ്മുടെ നാടിന് വേണ്ടിയുള്ള കടമകളും നാം ഓർക്കണം.

'കേരവൃക്ഷങ്ങളുടെ നാട്' എന്നർത്ഥമുള്ള കേരളം, പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെ പ്രകൃതി സൗഹൃദമായ വികസനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതുണ്ട്. സ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റേയും സഹിഷ്ണുതയുടെയും നാടായി കേരളത്തെ നിലനിർത്താൻ നമുക്ക് കടമയുണ്ട്. ഭരണരംഗത്തും ദൈനംദിന ജീവിതത്തിലും മലയാളഭാഷയുടെ ശുദ്ധിയും പ്രയോഗവും ഉറപ്പുവരുത്തിക്കൊണ്ട് മാതൃഭാഷാ പരിപോഷണം നിർവ്വഹിക്കുവാൻ നാം മറന്നുപോകരുത്. ഓരോ നവംബർ ഒന്നും പിറന്ന നാടിന്റെ മഹത്തായ ചരിത്രത്തെ ഓർമ്മിക്കാനും ഒരു മികച്ച നാളേക്ക് വേണ്ടി കൂട്ടായി ചിന്തിക്കാനും പരിശ്രമിക്കാനുമുള്ള പ്രചോദനമാണ് നമുക്കോരോരുത്തർക്കും ലഭിക്കുന്നത്.

പുതിയ തലമുറയ്ക്ക് മലയാളഭാഷയുടെ മധുരവും ശക്തിയും പകർന്നു നൽകേണ്ടത് നമ്മുടെയെല്ലാം കടമയാണ്. കുട്ടികളെ മലയാളത്തിൽ സംസാരിക്കാനും വായിക്കാനും എഴുതാനും പ്രോത്സാഹിപ്പിക്കണം. പുസ്തകങ്ങളിലൂടെയും കവിതകളിലൂടെയും കഥകളിലൂടെയും മലയാളഭാഷയുടെ സൗന്ദര്യം അവർക്ക് പരിചയപ്പെടുത്തണം. മലയാളഭാഷാദിനം കേവലം ഒരു ആഘോഷം മാത്രമല്ല, നമ്മുടെ ഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനും വളർത്താനുമുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. നമ്മുടെ ഭാഷയെ അമ്മമലയാളത്തെ നെഞ്ചിലേറ്റി അഭിമാനത്തോടെ മുന്നോട്ട് പോകാം.

●